I/309388/2023

<u>തിരുവനന്തപുരം വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ</u>
<u>സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം</u>
<u>(അവതരണം : RADHAKRISHNAN P)</u>

നം. DIC/2393/2021-EC3- HC തീയതി : 06-01-2023

വിഷയം:- വ്യവസായം - ജീവനക്കാര്യം- വ്യവസായ വകുപ്പിലെ ഹെഡ് ക്ലർക്ക്മാരുടെ 2022 വർഷത്തെ പൊതു സ്ഥലംമാറ്റം അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

പരാമർശം:-
1. 25/02/2017 തീയതിയിലെ സ.ഉ.(പി) നം3/2017/ഉ.ഭ.പ.വ നമ്പർ സർക്കാർ ഉത്തരവ്.
2. 05-11-2022 തീയതിയിലെ ഇതേ നമ്പർ സർക്കുലർ.
3. 07-12-2022 തീയതിയിലെ ഇതേ നമ്പർ കരട് സ്ഥലംമാറ്റ ഉത്തരവ്.

പരാമർശം 1-ൽ സൂചിപ്പിച്ചിരിക്കുന്ന സർക്കാർ ഉത്തരവിൻറെ അടിസ്ഥാനത്തിൽ പരാമർശം 2 പ്രകാരം 2022 വർഷത്തെ പൊതു സ്ഥലംമാറ്റത്തിനുള്ള അപേക്ഷ ഓൺലൈനായി ക്ഷണിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ മേൽ പരാമർശം 3 പ്രകാരം കരട് ഉത്തരവ് പ്രസിദ്ധീകരിച്ചിരുന്നു. ടി ഉത്തരവിൻമേൽ പരാതികൾ സ്വീകരിക്കുന്ന അവസാന തീയതി വരെ ലഭിച്ച പരാതികൾ പരിഗണിച്ച് വ്യവസായ വാണിജ്യ വകുപ്പിലെ ഹെഡ് ക്ലർക്ക്മാരുടെ 2022 വർഷത്തെ പൊതു സ്ഥലംമാറ്റത്തിന്റെ അന്തിമ ഉത്തരവ് താഴെ പറയും പ്രകാരം പ്രസിദ്ധീകരിക്കുന്നു.

<u>**ഉത്തരവ്**</u>

മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം വ്യവസായ വാണിജ്യ വകുപ്പിലെ ഹെഡ് ക്ലർക്ക്മാരുടെ 2022 വർഷത്തെ പൊതു സ്ഥലംമാറ്റത്തിന്റെ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | പേര്, നിലവിലെ ഓഫീസ് | സ്ഥലംമാറ്റം നൽകുന്ന ഓഫീസ് |
|---|---|---|
| 1. | ശ്രീമതി. സജിന കെ.<br>ജില്ലാ വ്യവസായ കേന്ദ്രം, പാലക്കാട്.<br>(അപേക്ഷ പ്രകാരം) | ജില്ലാ വ്യവസായ കേന്ദ്രം, കണ്ണൂർ, ശ്രീമതി. ഷീബ കെ.പി യ്ക്ക് സ്ഥലംമാറ്റം നൽകിയ ഒഴിവിൽ. |
| 2. | ശ്രീ. സാനു എം.എസ്<br>കയർ പ്രോജക്ട് ഓഫീസ്, കോഴിക്കോട്.<br>(അപേക്ഷ പ്രകാരം) | ജില്ലാ വ്യവസായ കേന്ദ്രം, വയനാട്, ശ്രീമതി. ജയ വി യ്ക്ക് സ്ഥലംമാറ്റം നൽകിയ ഒഴിവിൽ. |
| 3. | ശ്രീമതി. ജയ വി.<br>ജില്ലാ വ്യവസായ കേന്ദ്രം, വയനാട്. | കയർ പ്രോജക്ട് ഓഫീസ്, കോഴിക്കോട് ശ്രീ. സാനു എം.എസ് ന് സ്ഥലംമാറ്റം നൽകിയ ഒഴിവിൽ. |
| 4. | ശ്രീമതി. ഷീബ കെ.പി.<br>ജില്ലാ വ്യവസായ കേന്ദ്രം, കണ്ണൂർ. | ജില്ലാ വ്യവസായ കേന്ദ്രം, പാലക്കാട്, ശ്രീമതി. സജിന കെ യ്ക്ക് സ്ഥലംമാറ്റം നൽകിയ ഒഴിവിൽ. |

മേൽ ഉദ്യോഗസ്ഥർ അതാത് ഓഫീസുകളിലെ നിയന്ത്രണാധികാരി മുമ്പാകെ ഹാജരായി

I/309388/2023

ജോലിയിൽ പ്രവേശിക്കുകയും/വിടുതൽ ചെയ്യുകയും, നിയന്ത്രണാധികാരി ആ വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

Signed by
Radhakrishnan P
Date: 06-01-2023 14:56:28

RADHAKRISHNAN P
SENIOR ADMINISTRATIVE OFFICER

സ്വീകർത്താവ് :- ബന്ധപ്പെട്ട ജീവനക്കാർ.

പകർപ്പ് :
1. ബന്ധപ്പെട്ട എല്ലാ ഉപ ഓഫീസുകൾക്കും
2. ഐ.ടി സെക്ഷൻ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)